**മലങ്കര മാർത്തോമ്മാ സുറിയാനി സഭ**

ദിവ്യസംഗീതസംവേദന വിഭാഗം അദ്ധ്യക്ഷൻ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായിൽ നിന്നും
സർക്കുലർ നം. 287

**കർത്താവിൽ പ്രിയരെ,**

മെയ് മാസം 28-ാം തീയതി ഞായറാഴ്ച ദിവ്യസംഗീത ദിനമായി ആചരിക്കുകയാണ്. നമ്മുടെ ഇടവകകളിലെ ഗായകസംഘത്തെയും അവരുടെ സമർപ്പിത ശുശ്രൂഷകളെയും ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കുന്നതിനും ഗായകസംഘാംഗങ്ങളുടെ പുനഃപ്രതിഷ്ഠയ്ക്കുമായി ഈ ദിനം വേർതിരിച്ചിരിക്കുന്നു. അന്നത്തെ ആരാധനയിൽ ഇവിടെ നിന്നും അയച്ചുതരുന്ന പ്രത്യേക ആരാധനാക്രമം ഉപയോഗിക്കേണ്ടതും, ഗാനങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകേണ്ടതുമാണ്.

1969-ൽ ഭാഗ്യസ്മരണീയനായ അഭി. ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ ദീർഘവീക്ഷണത്തിലും പരിശ്രമത്തിലും വിഭാവന ചെയ്യപ്പെട്ടതാണ് ഡിപ്പാർട്ട്മെന്റ് ഓഫ് സേക്രഡ് മ്യൂസിക് ആന്റ് കമ്മ്യൂണിക്കേഷൻസ് എന്ന സഭയുടെ സംഗീത വിഭാഗം. തന്മൂലം മലങ്കരയിലെ നവീകരണ സഭയിൽ ആരാധനാ സംഗീതം ദൈവശാസ്ത്രപരമായും, സംഗീതപരമായും കൂടുതൽ ക്രമീകൃതമായി ചിട്ടപ്പെടുത്തുന്നതിനും, ഉപയോഗത്തിൽ കൊണ്ടുവരുന്നതിനും സാധ്യമായിത്തീർന്നു.

എട്ടു നിറങ്ങളിലായി പരിലസിച്ചിരിക്കുന്ന സുറിയാനി പാരമ്പര്യത്തിലുള്ള നമ്മുടെ ആരാധന സംഗീതസാന്ദ്രമാണ്. അത് ഹൃദ്യമായിത്തീരുന്നതിന് ചിട്ടയായ പരിശീലനവും, ആഴമായ ദൈവബോധവും അനിവാര്യമാണ്. സാധുകൊച്ചുകുഞ്ഞ് ഉപദേശി, വിദ്വാൻകുട്ടി, മോശെവത്സലം, തുടങ്ങി അനേകം ഭക്തന്മാരുടെ ജീവിതാനുഭവങ്ങളിൽ നിന്നും സ്ഫുടം ചെയ്ത ഗാനങ്ങളും നമ്മുടെ ആരാധനാജീവിതത്തിന്റെ അവിഭാജ്യഘടകമാണ്. കൂദാശകളിൽ നാം നിരന്തരം ഉപയോഗിക്കുന്ന അർത്ഥസംപുഷ്ടമായ പ്രാർത്ഥനകളിൽ കൂടുതലും പദ്യരൂപത്തിലുള്ളതാണ് എന്നതും ശ്രദ്ധേയമായ വസ്തുതയാണ്. പ്രിയരെ, നാം ഏവരും ഭക്തിയോടും, ശിക്ഷണത്തോടും കൂടി പാടുമ്പോഴാണ് ദരിദ്രമായ നമ്മുടെ സ്തുതികൾ മാലാഖവൃന്ദത്തിന്റെ നിരന്തരമായ സ്തുതികളോട് കലർത്തപ്പെടുന്നത് എന്നത് നാം വിസ്മരിച്ച്കൂടാ. ആകയാൽ നമ്മുടെ ഗാനാലാപനം വിശ്വാസത്തിൽ നമ്മെ വളർത്തുന്നതിന് പര്യാപ്തമായി തീരട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു.

ഇടവകതലത്തിൽ ഗായകസംഘത്തിന്റെ പ്രവർത്തനം ക്രമീകരിക്കുന്നതിനും, ചിട്ടയായി അഭ്യസിപ്പിക്കുന്നതിനും, കാലാനുസൃതമായി ശബ്ദപരിശോധന നടത്തി ആവശ്യമായ വിപുലീകരണം നടത്തുന്നതിലും ഡി. എസ്. എം. സി. വഹിക്കുന്ന പങ്ക് ശ്ലാഘനീയമാണ്. ഇടവകകളിലെ ഗായകസംഘങ്ങൾ ഡി. എസ്. എം.സിയിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്യാത്ത ഗായകസംഘങ്ങൾക്ക് കേന്ദ്രസ്ഥാന സമിതിയിൽ പ്രാതിനിധ്യം അനുവദനീയമല്ല. അഞ്ച് വർഷത്തിൽ ഒരിക്കൽ ഗായകസംഘം നിർബന്ധമായും ഡി. എസ്. എം. സി ഭരണഘടനപ്രകാരം ശബ്ദപരിശോധന നടത്തിയിരിക്കണം. ഇത് പുതിയ അംഗങ്ങൾക്ക് ഗായകസംഘത്തിൽ പ്രവേശിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതിനും കൂടിയാണ് എന്നത് പ്രത്യേകം അനുസ്മരിപ്പിക്കുന്നു. നിലവിലുള്ള അംഗങ്ങൾക്കും ഈ അവസരത്തിൽ ശബ്ദപരിശോധന ബാധകമാണ്. വിവാഹശുശ്രൂഷകളിൽ ഇടവകയിലെ ഗായകസംഘം തന്നെ പാടുന്നതിന് പരിശ്രമിക്കേണ്ടതാണ്. നമ്മുടെ പരസ്യാരാധനക്രമത്തിലെ ഗീതങ്ങൾ സ്റ്റാഫ് നൊട്ടേഷനിൽ ലഭ്യമാണ്; അതിലെ ക്രമീകരണം അനുസരിച്ച് പാടുന്നതിന് എല്ലാവരും പരിശ്രമിക്കണം. വിശേഷദിവസങ്ങളുടെ സന്ദർഭങ്ങൾക്കനുസൃതമായ വിധത്തിൽ ഗാനങ്ങൾ തെരഞ്ഞെടുക്കുന്നതിനും പാടുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം. ആരാധനയിൽ സഭാപഞ്ചാംഗത്തിൽ നിർദേശിച്ചിരിക്കുന്ന ഗാനങ്ങൾ തന്നെ കഴിവതും ഉപയോഗിക്കുന്നതിന് പരിശ്രമിക്കുക. ക്രിസ്തീയ കീർത്തനങ്ങളുടെ പുതിയ പതിപ്പ് ലഭ്യമാണ്, അത് ഉപയോഗിക്കുന്നതിന് ഉത്സാഹിക്കുക. ക്രിസ്തീയ കീർത്തനങ്ങളുടെ മ്യൂസിക്ക് എഡിഷൻ മൂന്നാം പതിപ്പ് തയ്യാറായി വരുന്നു. ഡി. എസ്. എം. സി പ്രസിദ്ധീകരിക്കുന്ന ഓഡിയോ സി ഡികൾ വാങ്ങി ഉപയോഗിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുക.

വാത്സല്യമുള്ളവരെ, നമ്മുടെ ജീവിതം ദൈവമുമ്പാകെ ശുദ്ധസംഗീതമായിത്തീരുവാൻ തക്കവണ്ണം നമ്മുടെ ആലാപനവും ആരാധനയും മുഖാന്തരമായി ഭവിക്കട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. ആയതിന് ഡി. എസ്. എം. സി നൽകുന്ന സേവനങ്ങൾ സഹായകരമായിത്തീരട്ടെ.

കൃപ നിങ്ങളേവരോടുംകൂടെ ഇരിക്കുമാറാകട്ടെ,

എന്ന് ക്രിസ്താബ്ദം 2017 മെയ് മാസം 1 -ാം തീയതി തിരുവല്ലാ ഡി. എസ്. എം. സി ഓഫീസിൽ നിന്നും,

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**